Draft #4 of File 46167/AC D/1/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 07:40 AM - Page 1

YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

തുല്യത - തമിഴ്നാട് കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് നേടിയ Master of Science in Life Sciences (5 Year Integrated Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ സുവോളജി വിഷയത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ യോഗ്യമായി അംഗീകരിക്കുവാൻ തീരുമാനിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 5037/AC D/2020/എം.ജി.യു          പ്രിയദർശിനി ഹിൽസ്,തീയതി: 30.10.2020

---

*പരാമർശം:*-1) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 1884/ACD/MGU dated 04.05.2019.

2) ശ്രീ ജോബ് ലിയോ, അസി.പ്രൊഫസ്സർ, ഡിപ്പാർട്ട്മെന്റ് ഓഫ് സുവോളജി, സെന്റ് തോമസ് കോളേജ്. കോഴഞ്ചേരി 21.11.2019ൽ നൽകിയ അപേക്ഷ

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (സുവോളജി - പി.ജി.), അഭിപ്രായം രേഖപ്പെടുത്തി 27.02.2020ൽ നൽകിയ കത്ത്.

5) ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് അഭിപ്രായം രേഖപ്പെടുത്തി 25.05.2020ൽ നൽകിയ കത്ത്.

6) 07.09.2020 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ഇനം നം. 82/46167/Ac.D/1/2019/VC Sec (13.10.2020 ന് കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ ഇനം നം . 01/20.05/ 200241 ആയി സമർപ്പിച്ചത്).

**ഉത്തരവ്**

1) Central University of Tamil Nadu അവാർഡ് ചെയ്ത Master of Science in Life Sciences (5 Year Integrated Regular) ബിരുദം മഹാത്മാഗാന്ധി സർവകലാശാലയുടെ Master of Science in Zoology ക്ക് തുല്യമായി അംഗീകരിക്കണമെന്ന ശ്രീ ജോബ് ലിയോ യുടെ കോഴ്സ് അംഗീകാര അപേക്ഷ പരാമർശം (1) പ്രകാരം നിരസിച്ചിരുന്നു. പ്രസ്തുത അപേക്ഷ നിരസിച്ചതിനാൽ, Zoology അസ്സിസ്റ്റന്റ് പ്രൊഫസർ ആയുള്ള തന്റെ നിയമനം അംഗീകരിക്കുന്നതിന് തടസ്സംനേരിടുന്നുവെന്നും മഹാത്മാഗാന്ധി സർവകലാശാല MSc Zoology യുടെ സിലബസ്സ് 2019 ൽ പരിഷ്കരിച്ചതു കണക്കിലെടുത്ത് തന്റെ കോഴ്സ് അംഗീകാര അപേക്ഷ പുന:പരിഗണിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് അപേക്ഷകൻ പരാമർശം (2) പ്രകാരം വൈസ് ചാൻസലർക്ക് നിവേദനം നൽകി.

2) M.Sc Zoology-യുടെ സിലബസ് 2019-ൽ (PGCSS 2019) പരിഷ്കരിച്ചിട്ടുണ്ടെന്നത് പരിഗണിച്ച്, പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ അപേക്ഷ പുനഃപരിഗണിക്കുവാൻ വൈസ് ചാൻസലർ അനുവദിച്ചു.

3) തുടർന്ന് പ്രസ്തുത വിഷയത്തിൽ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (സുവോളജി-പി.ജി.), ഡീൻ, ഫാക്കൽറ്റി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഓഫ് സയൻസ് എന്നിവരുടെ വിദഗ് ധാഭിപ്രായം തേടുകയുണ്ടായി. തമിഴ്നാട് കേന്ദ്ര സർവ്വകലാശാലയുടെ M.Sc Life Sciences ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ സുവോളജി വിഷയത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികക്ക് അപേക്ഷിക്കുവാൻ യോഗ്യമായി അംഗീകരിക്കാവുന്നതാണെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (സുവോളജി-പി.ജി.) അഭിപ്രായപ്പെട്ടു. ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസ് പ്രസ്തുത അഭിപ്രായത്തോട് യോജിക്കുകയും ചെയ്തു. (പരാമർശം 4, 5).

4) അക്കാദമിക് കൗൺസിൽ പ്രസ്തുത വിഷയം പരിഗണിക്കുകയും പരാമർശം (6) പ്രകാരം തമിഴ്നാട് കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് നേടിയ Master of Science in Life Sciences (5 Year Integrated Regular) ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എയ്ഡഡ് കോളേജുകളിലെ സുവോളജി വിഷയത്തിലെ അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്ക് അപേക്ഷിക്കുവാൻ യോഗ്യമായി അംഗീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

5) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ശ്രീ ജോബ് ലിയോ,
2.പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4.ജെ.ആർ. 2 (ഭ.വി)
5.എ.ആർ. /ഡി.ആർ. (അക്കാഡമിക് വിഭാഗം )
6.എ.സി.സി. സെക്ഷൻ
7.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8.ഐ.ക്യു.എ.സി.
9.കരുതൽ ഫയൽ/ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #4 of File 46167/AC D/1/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 07:40 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #4 of File 46167/AC D/1/2019/VC SECTION Approved by ASSISTANT REGISTRAR III (ACADEMIC) on 30-Oct-2020 07:40 AM - Page 3
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം